# Deepika

## 23 August 2018

## Kochi: Pubic news, After Flood, relief activates





പ്രളയ ദുരിതമേഖലകളിൽ വിതരണം ചെയ്യാനുള്ള കുടിവെള്ളം കയറ്റിയ വാഹനങ്ങളുമായി ഫാ. ആന്റണി മാങ്കുറിയും സഹപ്രവർത്തകരും.



തലയോലപ്പറമ്പ് സെന്റ് ജോർജ് സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ ഫാ. ജോൺ പുതുവ ബോധവത്കരണ ക്ലാസ് നയിക്കുന്നു.

# ദുരിതമേഖലകളിൽ രണ്ടു വൈദികരുടെ വേറിട്ട സേവനം

കൊച്ചി: മഴക്കെടുതിയുടെ ദുരിതമേഖലകളിൽ വേറിട്ട സേവനമൊരുക്കി രണ്ടു വൈദികർ. ലോറികളിൽ കുടിവെള്ളമെത്തിച്ചു മറ്റൂർ സെന്റ് ആന്റണീസ് പള്ളി വികാരി ഫാ. ആന്റണി മാങ്കുറി ആശ്വാസമായപ്പോൾ, തലയോലപ്പറമ്പ് സെന്റ് ജോർജ് പള്ളി വികാരി ഫാ. ജോൺ പുതുവ, ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നു മടങ്ങി വീടുകളിലേക്കെത്തുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ബോധവ്തകരണം നൽകുകയാണ്. വെള്ളവും മാലിന്യങ്ങളും ചെളിയും നിറഞ്ഞു കിണറുകളും മറ്റു കുടിവെള്ളസ്രോതസുകളും ഉപയോഗശൂന്യമായ സാഹചര്യത്തിലാണ് ഫാ. മാങ്കുറിയുടെ നേതൃത്വത്തിൽ നാടെങ്ങും സൗജന്യമായി കുടിവെള്ള വിതരണം ആരംഭിച്ചത്.

ആറു മിനി ലോറികളിൽ കൂറ്റൻ ടാങ്കുകൾ ഘടിപ്പിച്ചാണു കുടിവെള്ളം വിവിധ സ്ഥലങ്ങളിലെത്തിച്ചത്. കാലടി, മറ്റൂർ, വേങ്ങൂർ, പൊതിയക്കര, നെട്ടിനംപിള്ളി, കൈപ്പട്ടൂർ, കുത്തിയതോട് മേഖലകളിലാണു പ്രധാനമായും കുടിവെള്ളം വിതരണം. വൈദികന്റെ നേതൃത്വത്തിലുള്ള കുടിവെള്ള വിതരണം ആശ്വാസമായത് ആയിരങ്ങൾക്കാണ്. ഞായറാഴ്ച രാവിലെ ദിവ്യബലിയെത്തുടർന്ന് ആരംഭിച്ച കുടിവെള്ള വിതരണം ഇന്നലെ വരെ തുടർന്നു. സഹവികാരി ഫാ. അജീഷും ഇടവകാംഗങ്ങളും ഫാ. മാങ്കുറിയുടെ സന്നദ്ധ സംരംഭത്തിനു പിന്തുണ നൽകി. നേരത്തെ മറ്റൂർ പള്ളിയും ഹാളും ദുരിതാശ്വാസ ക്യാമ്പിനായി തുറന്നുകൊടുത്തിരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നു വീടുകളിലേക്കു തിരിച്ചെത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി ഫാ. ജോൺ പുതുവ ഇടവകയിലും പുറത്തും ബോധവത്കരണ ക്ലാസുകൾ നൽകുന്നതിന്റെ തിരക്കിലാണ്.

ശുചീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇലക്ട്രിക് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുമ്പോൾ അറിയേണ്ടത്, പാമ്പുകൾ, ഇഴജന്തുക്കൾ മുതലായവയുടെ നശീകരണം, വെള്ളം കയറിയ വാഹനങ്ങളുടെ പുനരുപയോഗം തുടങ്ങി ഇരുപതോളം കാര്യങ്ങളാണ് ബോധവൽക്കരണ ക്ലാസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദുരന്തത്തിൽനിന്നു മാനസികധൈര്യം നേടുന്നതിനുള്ള പ്രചോദനാത്മക കഥകളും സംഭവങ്ങളും ക്ലാസുകളിൽ പങ്കുവയ്ക്കുന്നു. ലോകത്തിലെ വിവിധ ദുരന്തങ്ങൾ, അതിന്റെ അതിജീവനം, ദുരന്തത്തിനു ശേഷമുള്ള സമൂഹത്തിലെ പുതുജീവിതം എന്നിവ ക്ലാസിന്റെ ഉള്ളടക്കത്തിലുണ്ട്. തലയോലപ്പറമ്പ് മേഖലയിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലും മറ്റു കൂട്ടായ്മകളിലും ഫാ. പുതുവ ക്ലാസുമായി എത്തി. ചിത്രങ്ങളും വീഡിയോകളും ഉൾപ്പെടുത്തിയുള്ള ക്ലാസായതിനാൽ എല്ലാവിഭാഗം ആളുകൾക്കും ആകർഷകമാണ്. ഒരു മണിക്കൂർ നീളുന്ന ക്ലാസ് മുന്നോട്ടുള്ള ആരോഗ്യകരമായ ജീവിതത്തിനുവേണ്ട പ്രായോഗിക നിർദേശങ്ങളുമുണ്ട്.

# തണ്ണീർമുക്കം ബണ്ടിലെ ജലനിരപ്പ് താഴ്ന്നു തുടങ്ങി

ചേർത്തല: തണ്ണീർമുക്കം ബണ്ടിലെ ജലനിരപ്പ് താഴ്ന്നു തുടങ്ങി. ഇന്നലെ ഒന്നരയടിയോളമാണ് കുറഞ്ഞത്.

കടലിലേക്കു ശക്തമായ ഒഴുക്കുമുണ്ട്. ബണ്ടിലെ മണൽചിറ നീക്കുന്നതിന്റെ ഭാഗമായി ഷീറ്റ് പൈൽ പൊളിക്കുന്നതിനുള്ള ബാർജ് ഇന്നലെയും എത്തിക്കാൻ കഴിഞ്ഞില്ല.

ഇന്ന് എത്തുമെന്നാണു പ്രതീക്ഷിക്കുന്നതെന്ന് ഇറിഗേഷൻ കുട്ടനാട് പാക്കേജ് ചീഫ് എൻജിനിയർ എസ്. സുരേഷ്കുമാർ പറഞ്ഞു.

കൊച്ചിൻ ഷിപ്പ്യാർഡിൽനിന്ന് അനുമതി ലഭിച്ചെങ്കിലും ഒഴുക്കിനെതിരേ ഓടിച്ച് എത്തിക്കാൻ സാങ്കേതിക ബുദ്ധിമുട്ടുണ്ട്. മൂവാറ്റുപുഴ ആറിലും ശക്തമായ കുത്തൊഴുക്കാണ്. ഇതിനാൽ വേലിയേറ്റ സമയം നോക്കി മാത്രമേ ഇതു കെട്ടിവലിച്ചു കൊണ്ടുവരാൻ കഴിയൂ.

എത്രയും വേഗം ഇത് എത്തിച്ചു ഷീറ്റ് പൈലുകൾ നീക്കി ഒഴുക്ക് സുഗമമാക്കാനാണ് ശ്രമമെന്നും അദ്ദേഹം പറഞ്ഞു.